**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **03-03-2025 - ൽ മറുപടിയ്ക്ക്**

**കുടിയൊഴിപ്പിക്കൽ വേളയിലെ ആത്മഹത്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർഫാസി നിയമ പ്രകാരം കുടിയൊഴിപ്പിക്കപ്പെടുമ്പോൾ ആത്മഹത്യ ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ആത്മഹത്യകൾ നടന്നു; സർഫാസി ഉത്തരവ് നടപ്പാക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഒരു കുടുംബത്തിന് അവരുടെ ഒരേയൊരു കിടപ്പാടം ഇല്ലാതാകുന്ന അവസ്ഥ സ്വാഭാവികമായ പൗരാവകാശത്തിന്റെ നിഷേധമാണ്. ജപ്തി നടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ, കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുതെന്ന് നിഷ്കർഷിക്കുന്ന വിധം കിടപ്പാടങ്ങൾ ജപ്തി ചെയ്യുന്നതിനെതിരെ നിയമ നിർമ്മാണം നടത്തുന്ന കാര്യം 2021 മെയ് 20-ന് ചേർന്ന ഈ സർക്കാരിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ പരിഗണിച്ചിരുന്നു. ഇതിനായുള്ള നിയമ നിർമ്മാണ സാധ്യതയെക്കുറിച്ച് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ഒരു സെക്രട്ടറി തല സമിതിയെ നിയമിച്ചിരുന്നു.<br><br>സമിതിയുടെ റിപ്പോർട്ടിൽ ഒരു കേന്ദ്ര നിയമമാകയാൽ ബാങ്കുകൾ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുമ്പോൾ ഈടുവയ്ക്കപ്പെട്ട സ്ഥാവര വസ്തുക്കൾ അവ ഏക പാർപ്പിടമായാൽ പോലും സർഫാസി നിയമ പ്രകാരം ജപ്തിക്ക് വിധേയമായതിനാൽ അതിന് അനുസൃതമല്ലാത്ത വകുപ്പ് ഉൾപ്പെടുത്തി നിയമ നിർമ്മാണം നടത്താൻ സാധ്യമല്ല എന്നാണ് സമിതിയുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരുന്നത്.<br><br>തുടർന്ന് ഇക്കാര്യം നിയമ വകുപ്പ് സെക്രട്ടറിയുമായും ഉദ്യോഗസ്ഥരുമായും വിശദമായി ചർച്ച ചെയ്തിരുന്നു. കേന്ദ്ര നിയമത്തിനനുസൃതമല്ലാത്ത വകുപ്പുകൾ ഒഴിവാക്കി ഒരു നിയമ നിർമ്മാണം നടത്താമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആകാമെന്ന് അഭിപ്രായ പ്പെട്ടു. അതേ തുടർന്ന് പ്രധാനമായും നിശ്ചിത വരുമാനത്തിനു താഴെയുള്ള ജന വിഭാഗങ്ങൾക്ക് (പ്രധാനമായും ബി.പി.എൽ.കുടുംബങ്ങൾ) ഏക പാർപ്പിടം |

| | | | |
|---|---|---|---|
| | | | നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായാൽ അവർക്ക് ഒരു നിശ്ചിത ധനസഹായം നൽകാനാകുമോ എന്ന നിലയ്ക്ക് സർക്കാരിന് എത്രത്തോളം ഇടപെടാൻ കഴിയുമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നു വരുന്നു.<br><br>സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷങ്ങളിലായി സർഫാസി നിയമ പ്രകാരം കുടിയൊഴിപ്പിക്കുമ്പോൾ ആത്മഹത്യ ചെയ്ത സംഭവങ്ങളോ പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ മരണപ്പെട്ടതായ സംഭവങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | സർഫാസി ആക്ട് പ്രകാരം കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഇത്തരം മരണങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതലുകൾ എടുത്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഒരു കുടുംബത്തിന് അവരുടെ ഒരേയൊരു കിടപ്പാടം ഇല്ലാതാകുന്ന അവസ്ഥ സ്വാഭാവികമായ പൗരാവകാശത്തിന്റെ നിഷേധമാണ്. ജപ്തി നടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ, കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുതെന്ന് നിഷ്കർഷിക്കുന്ന വിധം കിടപ്പാടങ്ങൾ ജപ്തി ചെയ്യുന്നതിനെതിരെ നിയമ നിർമ്മാണം നടത്തുന്ന കാര്യം 2021 മെയ് 20-ന് ചേർന്ന ഈ സർക്കാരിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ പരിഗണിച്ചിരുന്നു. ഇതിനായുള്ള നിയമ നിർമ്മാണ സാധ്യതയെക്കുറിച്ച് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ഒരു സെക്രട്ടറി തല സമിതിയെ നിയമിച്ചിരുന്നു.<br><br>സമിതിയുടെ റിപ്പോർട്ടിൽ ഒരു കേന്ദ്ര നിയമമാകയാൽ ബാങ്കുകൾ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുമ്പോൾ ഈടുവയ്ക്കപ്പെട്ട സ്ഥാവര വസ്തുക്കൾ അവ ഏക പാർപ്പിടമായാൽ പോലും സർഫാസി നിയമ പ്രകാരം ജപ്തിക്ക് വിധേയമായതിനാൽ അതിന് അനുസൃതമല്ലാത്ത വകുപ്പ് ഉൾപ്പെടുത്തി നിയമ നിർമ്മാണം നടത്താൻ സാധ്യമല്ല എന്നാണ് സമിതിയുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരുന്നത്.<br><br>തുടർന്ന് ഇക്കാര്യം നിയമ വകുപ്പ് സെക്രട്ടറിയുമായും ഉദ്യോഗസ്ഥരുമായും വിശദമായി ചർച്ച ചെയ്തിരുന്നു. കേന്ദ്ര നിയമത്തിനനുസൃതമല്ലാത്ത വകുപ്പുകൾ ഒഴിവാക്കി ഒരു നിയമ നിർമ്മാണം നടത്താമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആകാമെന്ന് അഭിപ്രായ പ്പെട്ടു. അതേ തുടർന്ന് പ്രധാനമായും നിശ്ചിത വരുമാനത്തിനു താഴെയുള്ള ജന വിഭാഗങ്ങൾക്ക് (പ്രധാനമായും ബി.പി.എൽ.കുടുംബങ്ങൾ) ഏക പാർപ്പിടം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായാൽ അവർക്ക് ഒരു നിശ്ചിത ധനസഹായം നൽകാനാകുമോ എന്ന |

| | | | |
|---|---|---|---|
| | | | നിലയ്ക്ക് സർക്കാരിന് എത്രത്തോളം ഇടപെടാൻ കഴിയുമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നു വരുന്നു.<br><br>സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷങ്ങളിലായി സർഫാസി നിയമ പ്രകാരം കുടിയൊഴിപ്പിക്കുമ്പോൾ ആത്മഹത്യ ചെയ്ത സംഭവങ്ങളോ പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ മരണപ്പെട്ടതായ സംഭവങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ